**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3788** **09-10-2025 - ൽ മറുപടിയ്ക്ക്**

**പെർഫോമിംഗ് ആർട്സ് വകുപ്പ് മുഖേന നടത്തുന്ന കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരള യൂണിവേഴ്സിറ്റിയിൽ നിലവിൽ ഉണ്ടായിരുന്ന പെർഫോമിംഗ് ആർട്സ് വകുപ്പ് മുഖേന ഏതൊക്കെ കോഴ്സുകളാണ് നടത്തിയിരുന്നതെന്നും അവ നിർത്തലാക്കാനുള്ള കാരണവും വിശദമാക്കാമോ; | (എ) | കേരള സർവകലാശാലയിൽ പെർഫോമിംഗ് ആർട്സ് എന്ന വകുപ്പ് നിലവിൽ ഇല്ല. കേരള സർവകലാശാലയിൽ പ്രവർത്തിക്കുന്നത് ഭരത് മുരളി സെന്റർ ഫോർ പെർഫോമിംഗ് ആൻഡ് വിഷ്വൽ ആർട്സ് ആണ്. |
| (ബി) | നിർത്തലാക്കിയ കോഴ്സുകൾക്ക് പകരം പെർഫോമിംഗ് ആർട്സിൽ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | സംസ്ഥാനത്തെ ഏതൊക്കെ സർവകലാശാലകളിലാണ് പെർഫോമിംഗ് ആർട്സ് കോഴ്സുകൾ നടത്തി വരുന്നതെന്നും വിവിധ സർവകലാശാലകൾ മുഖേന പ്രൊഫഷണലുകൾക്കായി ഈവനിംഗ് കോഴ്സുകൾ/ വാരാന്ത്യ കോഴ്സുകൾ ആരംഭിക്കുന്നത് പരിഗണിക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | **മഹാത്മാഗാന്ധി സർവ്വകലാശാല**<br><br>Tripunithura, RLV College of Music and Fine Arts ൽ പെർഫോമിംഗ് ആർട്സ് പ്രോഗ്രാമുകൾ നടത്തപ്പെടുന്നുണ്ട്.<br><br>**കാലിക്കറ്റ് സർവകലാശാല**<br><br>സർവകലാശാലയ്ക്ക് കീഴിൽ റെഗുലറായി ഭരതനാട്യം, മോഹിനിയാട്ടം എന്നീ ബിരുദ കോഴ്സുകളുടെ സിലബസ് അംഗീകാരത്തിനായി ബന്ധപ്പെട്ട അക്കാദമിക സമിതികളുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.<br><br>**കണ്ണൂർ സർവ്വകലാശാല**<br><br>മ്യൂസിക് പഠന വകുപ്പിൽ MA Music, Five Year Integrated Masters Programme in Music എന്നീ പ്രോഗ്രാമുകളും, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ലാസ്യ കോളേജ് ഓഫ് ഫൈൻ ആർട്സ്, പിലാത്തറയിൽ BA ഭരതനാട്യം, MA ഭരതനാട്യം, BA കർണാട്ടിക് മ്യൂസിക് എന്നീ പ്രോഗ്രാമുകളും ഫൈൻ ആർട്സ് വിഭാഗത്തിൽ നടത്തിവരുന്നുണ്ട്.<br><br>**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല** |

| | | | |
|---|---|---|---|
| | | | സംസ്കൃത സർവകലാശാലയിൽ ചുവടെ ചേർത്തിരിക്കുന്ന പെർഫോമിംഗ് ആർട്സ് വിഷയങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ നടത്തി വരുന്നുണ്ട് :<br><br>*ബിരുദ പ്രോഗ്രാമുകൾ*<br>1. B.A. മ്യൂസിക്<br><br>2. B.A. ഭരതനാട്യം,<br><br>3. B.A. മോഹിനിയാട്ടം,<br><br>4. ബി.എഫ്.എ.<br><br>*ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ*<br><br>1. M.A. മ്യൂസിക്,<br><br>2. M.A. ഭരതനാട്യം,<br><br>3. M.A. മോഹിനിയാട്ടം,<br><br>4. M.A. തീയറ്റർ<br><br>5. എം.എഫ്.എ.<br><br>പ്രസ്തുത പ്രോഗ്രാമുകളെല്ലാം ഫുൾ ടൈം റെഗുലർ മോഡിലാണ് സർവകലാശാല നടത്തി കോഴ്സുകൾ വരുന്നത്. പ്രൊഫഷണലുകൾക്കായി ഫൈൻ ആർട്സ് വിഭാഗത്തിൽ ഈവനിംഗ് കോഴ്സുകൾ / വാരാന്ത്യ കോഴ്സുകൾ ആരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ